# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3452 – 15/03/2018 ലെ മറുപടിക്ക്

### എക്സ്പെൻഡിച്ചർ കമ്മിറ്റി ശിപാർശകൾ

ചോദ്യം | ഉത്തരം

ശ്രീ. വി. അബ്ദുറഹിമാൻ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| എ | സംസ്ഥാനത്തെ പൊതുചെലവുകൾ നിയന്ത്രിക്കുന്നതിനും വരുമാനം മെച്ചപ്പെടുത്തുന്നതിനും എക്സ്പെൻഡിച്ചർ കമ്മിറ്റി എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | സംസ്ഥാനത്തെ പൊതുചെലവുകൾ നിയന്ത്രിക്കുന്നതിനും വരുമാനം മെച്ചപ്പെടുത്തുന്നതിനും നാലാമത് 'സംസ്ഥാന പൊതുചെലവ് പുനഃപരിശോധന കമ്മിറ്റി' അതിന്റെ ഒന്നാമത്തെയും രണ്ടാമത്തെയും റിപ്പോർട്ടിൽ നൽകുന്ന പ്രധാന ശുപാർശകൾ ചുവടെ പറയുന്നവയാണ്.<br>പല സാധനങ്ങൾക്കും GST സമ്പ്രദായത്തിൽ നിശ്ചയിച്ചിട്ടുള്ള വില VAT സമ്പ്രദായത്തേക്കാൾ കുറഞ്ഞ നിരക്കിലായതിനാൽ വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. കൂടാതെ ജി.എസ്.ടി സമ്പ്രദായത്തിൽ CGST -യും SGST -യും തുല്യ അനുപാതത്തിൽ വീതിക്കപ്പെടുന്നതിനാൽ vertical fiscal imbalance വർദ്ധിക്കുന്നു. ഈ പ്രതിസന്ധികൾ ജി.എസ്.ടി കൗൺസിൽ മുമ്പാകെയും 15-ാം ധനകാര്യകമ്മീഷന്റെ മുമ്പാകെയും അവതരിപ്പിച്ച് പരിഹാരം തേടണമെന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു.<br>പദ്ധതി ചെലവിന്റെ നടത്തിപ്പിന് കൂടുതൽ പണം കണ്ടെത്തുന്നത് ഉറപ്പു വരുത്തേണ്ടതിന്റെ ആവശ്യകത കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.<br>ധനകാര്യ കമ്മീഷന്റെ അധികാര പരിധിയ്ക്ക് പുറമേയുള്ള ധനസഹായങ്ങൾ സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകുന്നതിനുള്ള ഒരു സംവിധാനത്തിന്റെ ആവശ്യകത കമ്മിറ്റി ചൂണ്ടിക്കാണിക്കുന്നു. |

| | | |
|---|---|---|
| | | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നികുതി, നികുതിയേതര വരുമാനം പൂർണ്ണതോതിൽ പിരിച്ചെടുക്കുന്നതിനുള്ള സാദ്ധ്യതകൾ ഉപയോഗപ്പെടുത്തേണ്ടതുണ്ടെന്ന് കമ്മിറ്റി ചൂണ്ടിക്കാണിക്കുന്നു. സംസ്ഥാനത്തിന്റെ പ്രത്യേകതകൾക്കനുസൃതമായി ക്യാഷ് മാനേജ്മെന്റ് നിർവ്വഹിക്കേണ്ടതുണ്ട്.<br>പലിശ നിരക്ക് കുറവാണെങ്കിൽ ആർ. ബി. ഐ -യിൽ നിന്നുള്ള സ്പെഷ്യൽ, നോർമൽ വെയ്സ് & മീൻസ് അഡ്വാൻസുകളും ഓവർ ഡ്രാഫ്റ്റും എടുക്കുന്നത് പൊതു വിപണിയിൽ നിന്ന് കടമെടുക്കുന്നതിനു മുമ്പ് പരിഗണിക്കേണ്ടതാണ്.<br>ധനക്കമ്മി ലക്ഷ്യങ്ങളെ അപേക്ഷിച്ച് റവന്യൂ കമ്മി ലക്ഷ്യങ്ങളിൽ നിന്നുള്ള വർദ്ധനവ് സംസ്ഥാനത്തെ മൂലധന ചെലവിനെ പ്രതികൂലമായി ബാധിക്കുന്നു. ഈ പ്രവണത പരിഹരിക്കേണ്ടതുണ്ട്.<br>സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ ദൃഢീകരണത്തിനായി, ഫലപ്രദമായ എക്സ്പെൻഡിച്ചർ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കുക, ബഡ്ജറ്റിൽ ലക്ഷ്യമിട്ട വരുമാനം യാഥാർത്ഥ്യമാക്കുക, വരവും ചെലവും ഒപ്പത്തിനൊപ്പമാക്കുക എന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു.<br>സംസ്ഥാനത്തിനെ സുസ്ഥിര വികസന പാതയിലെത്തിക്കുന്നതിനായി ജി.എസ്.ടി -യിൽ ഉൾപ്പെടുത്താത്ത നികുതി വിഭാഗങ്ങളുടെ സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്തുക, റവന്യൂ ചെലവുകൾ ക്രമാനുഗതമായി യുക്തിസഹമാക്കുക, മുൻഗണനാക്രമം നിശ്ചയിക്കുന്നതിന് സൂക്ഷ്മത ഉറപ്പുവരുത്തുക എന്നും കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| ബി | എക്സ്പെൻഡിച്ചർ കമ്മിറ്റിയുടെ ശിപാർശകൾ എന്തൊക്കെയാണ് ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്; വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | നാലാമത് സംസ്ഥാന പൊതുചെലവ് പുനഃപരിശോധന കമ്മിറ്റിയുടെ റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ